# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *453 27.06.2019-ൽ മറുപടിയ്ക്ക്

### എം.പി.മാരുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ സംവിധാനം

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, എം.ഉമ്മർ<br>,, ടി.എ.അഹമ്മദ് കബീർ<br>ഡോ.എം. കെ. മുനീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വികസനാവശ്യങ്ങൾക്കായി സംസ്ഥാനത്തു നിന്നുള്ള രാജ്യസഭ, ലോകസഭ അംഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തു നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഓരോ പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നതിന് മുമ്പ് പാർലമെന്റ് അംഗങ്ങളുടെ സമ്മേളനം വിളിച്ചു ചേർത്ത് കേരളത്തിന്റെ വികസന ആവശ്യങ്ങൾ സംബന്ധിച്ച് പാർലമെന്റിൽ ഉന്നയിക്കേണ്ട പൊതു വിഷയങ്ങൾ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ന്യൂഡൽഹി കേരള ഹൗസിൽ ഒരു എം.പി സെൽ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തിന്റെ വിവിധങ്ങളായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി പാർലമെന്റ് അംഗങ്ങൾ ഉന്നയിക്കുന്ന വിഷയങ്ങളിൽ തുടരന്വേഷണം നടത്തി അതു സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം പാർലമെന്റ് അംഗങ്ങളെ അറിയിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ എം.പി സെൽ മുഖേന ചെയ്തുവരുന്നു. |
| (ബി) | കേന്ദ്രത്തിൽ പുതിയ സർക്കാർ നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി എം.പി.മാരുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇല്ല.<br>സത്യപ്രതിജ്ഞ ചെയ്യുന്നതിന് മുമ്പായി പാർലമെന്റ് അംഗങ്ങളുടെ യോഗം വിളിച്ചുചേർക്കാൻ കഴിയുമായിരുന്നില്ല. അടുത്ത പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി അംഗങ്ങളുടെ യോഗം വിളിച്ചു ചേർക്കുന്നതാണ്. |
| (സി) | എം.പി.സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും അംഗങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്ന വിഷയങ്ങളിൽ തുടരന്വേഷണം നടത്തി വിവരങ്ങൾ അറിയിക്കുന്ന തടക്കമുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് അംഗങ്ങളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2007 മുതൽ ന്യൂഡൽഹി കേരള ഹൗസിൽ ഒരു എം.പി സെൽ പ്രവർത്തിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | എം.പി സെല്ലിന്റെ പ്രവർത്തനത്തിനായി റസിഡന്റ് കമ്മീഷണറുടെ മേൽനോട്ടത്തിൽ കേരള ഹൗസ് ലെയ്സൺ ഓഫീസിൽ ഒരു ഓഫീസ് പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ എം.പി സെല്ലിനു മാത്രമായി ഒരു ഓഫീസ് നിലവിലില്ല.<br><br>എം.പി സെല്ലിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് കേരള ഹൗസ് ലെയ്സൺ വിംഗിലെ രണ്ടു അസിസ്റ്റന്റ് ലെയ്സൺ ഓഫീസർമാർക്ക് അധിക ചുമതല നൽകിയിട്ടുണ്ട്. പാർലമെന്റ് അംഗങ്ങൾക്ക് വിവിധ വിഷയങ്ങൾ സംബന്ധിച്ച് കത്തുകളും മെമ്മോറാണ്ടങ്ങളും തയ്യാറാക്കുന്നതിനായി ആവശ്യപ്പെടുന്ന മുറയ്ക്ക് അസിസ്റ്റന്റ് ലെയ്സൺ ഓഫീസർ/കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നിവരുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്.<br><br>ന്യൂഡൽഹിയിൽ എത്തുന്ന പാർലമെന്റ് അംഗങ്ങൾക്ക് വാഹന സൗകര്യവും സ്ഥിരമായി എം.പി ക്വാർട്ടേഴ്സ് ലഭ്യമാകുന്നതുവരെ കേരള ഹൗസിൽ താമസ സൗകര്യവും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ